(ഡി) ആലുവ മുതൽ മഹാരാജാസ് കോളേജ് ജംഗ്ഷൻ വരെയുള്ള 18 കിലോമീറ്റർ അടുത്ത വർഷം (2016) ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. മഹാരാജാസ് കോളേജ് ജംഗ്ഷൻ മുതൽ പേട്ട വരെയുള്ള 7.253 കി.മീ. 2017 ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റെയിൽവേ വികസന പദ്ധതികൾ

81 (426) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തുനിന്നും ആരംഭിക്കുന്ന പല ട്രെയിനുകളും അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ടുപോകാൻ നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തുചെയ്യാനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ട് സംസ്ഥാനത്തിന് നിലവിലുള്ള ട്രെയിനുകൾ നഷ്ടപ്പെടാനും പുതിയവ കിട്ടാതിരിക്കാനും ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്നുള്ള ബഹുമാനപ്പെട്ട എം.പി. മാരോടും റെയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി സംസ്ഥാനത്തിനായി റെയിൽവേ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ ചേർത്ത് എല്ലാ റെയിൽവേ ബഡ്ജറ്റുകൾക്കും വളരെ മുമ്പുതന്നെ സംസ്ഥാന സർക്കാർ മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിനും 2015-16-ൽ ആവശ്യമായ മൊത്തം 648 കോടി രൂപയും 2015-16-ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു.

സംസ്ഥാനത്തിനായി പ്രത്യേക പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, റെയിൽവേ മെഡിക്കൽ കോളേജ്, റെയിൽവേയുടെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി, ഗുരുവായൂർ തിരുനാവായ നിലമ്പൂർ-നഞ്ചൻഗുഡ് ഉൾപ്പെടെ പുതിയ ലൈനുകളുടെ നിർമ്മാണം, സംസ്ഥാനത്ത് ഓടുന്ന കോച്ചുകളുടെ സുരക്ഷയും നിലവാരവും ഉറപ്പാക്കുന്നത്, കോട്ടയം, നേമം കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം തുടങ്ങി സംസ്ഥാനത്തിന്റെ ചിരകാല ആവശ്യങ്ങൾ എല്ലാം തന്നെ 2015-16-ൽ സാക്ഷാത്കരിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നത്.

സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം പ്രഖ്യാപിക്കണമെന്നും സംസ്ഥാന സർക്കാർ ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയുംകൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രവും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി കാത്തിരിക്കുകയാണ്.

തുടർന്ന് വരുന്ന പ്രവൃത്തിയായതിനാൽ അങ്കമാലി-ശബരി ലൈൻ നിർമ്മാണ ചെലവിന്റെ സംസ്ഥാന സർക്കാരിന്റെ 50% ഓഹരി റെയിൽവേ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് റെയിൽവേയ്ക്ക് കേന്ദ്രസർക്കാർ നൽകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റെയിൽവേ പദ്ധതികൾക്ക് പുറമേ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രമുഖ റെയിൽവേ സ്റ്റേഷനുകളായ കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം നോർത്ത്, എറണാകുളം സൗത്ത്, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367 രൂപ റെയിൽവേയ്ക്ക് 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

സബർബൻ ട്രെയിൻ

82 (427) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ ട്രെയിൻ ആരംഭിക്കുന്നകാര്യം ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) സബർബൻ റെയിൽവേ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏൽപ്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മുതൽ ചെങ്ങന്നൂർവരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 50% തുല്യപങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രയും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly